# നീരയുമായി തമിഴ്നാടും കർണ്ണാടകവും

## ● മടിച്ചുനിന്നാൽ കേരളം പിന്തള്ളപ്പെടും

**പി.കിഷോർ**

കൊച്ചി ● നീണ്ട കാത്തിരിപ്പിനൊടുവിൽ, നീര ഉൽപ്പാദനം വ്യാപകമാക്കാൻ കേരള സർക്കാർ 32 കോടി അനുവദിച്ച് ഉത്തരവിറക്കിയെങ്കിലും തമിഴ്നാടും കർണാടകവും ഈ രംഗത്തു കേരളത്തിനു കടുത്ത വെല്ലുവിളി ഉയർത്തും.

വൻതോതിൽ നീര ഉൽപാദനം നടത്താനുള്ള പദ്ധതിയുമായി തമിഴ്നാട് എക്സൈസ് വകുപ്പ് ഉത്തരവു പുറപ്പെടുവിച്ചു. കർണാടക ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. കേരളം നീര കർഷകർക്കായി കഴിഞ്ഞ ബജറ്റിൽ നീക്കി വച്ച 15 കോടി ലാപ്സാക്കുകയായിരുന്നു. നടപ്പു വർഷത്തെ ബജറ്റിൽ നീക്കിവച്ച 30 കോടിയിൽ ഒരു രൂപ പോലും ഇതുവരെ കമ്പനികൾക്കോ കർഷകർക്കോ നൽകിയിട്ടുമില്ല.

നിലവിൽ നാളികേര ഉൽപാദനത്തിൽ തമിഴ്നാടാണ് ഇന്ത്യയിൽ ഒന്നാമത്. തെങ്ങു കൃഷി ചെയ്യുന്ന സ്ഥലവിസ്തൃതി കേരളത്തേക്കാൾ ഏറെ കുറവാണെങ്കിലും റബർ തോട്ടം പോലെ തെങ്ങിൻതോപ്പുകളെ പരിപാലിച്ച് വൻ ഉൽപാദന ക്ഷമത നേടിയാണ് തമിഴ്നാട് ഒന്നാം സ്ഥാനത്തെത്തിയത്. നീര ഉൽപാദനം കോയമ്പത്തൂർ, തഞ്ചാവൂർ, മധുര, ഈറോഡ്, തിരുപ്പൂർ ജില്ലകളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തമിഴ്നാട് ഗവ. സബ്സിഡി നൽകുന്നുണ്ട്. തോട്ടം അടിസ്ഥാനത്തിൽ നീര ഉൽപാദനം അവിടെ ആരംഭിച്ചാൽ കേരളം പിന്തള്ളപ്പെട്ടു പോകുമെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

കേരളത്തിൽ ഇതിനകം നീര ഉൽപാദനത്തിനായി 20 കമ്പനികൾ രംഗത്തുണ്ട്. ആഴ്ചയിൽ 29000 ലീറ്റർ മാത്രമാണ് ഉൽപാദനം. ആഴ്ചയിൽ ഒരു ലക്ഷം ലീറ്ററും പിന്നീട് ദിവസം ഒരു ലക്ഷം ലീറ്ററുമാണ് നാളികേര വികസന ബോർഡിന്റെ ഉൽപാദന ലക്ഷ്യം. എങ്കിൽ മാത്രമേ കേരത്തിനു പുറത്തേക്കും വിദേശ വിപണികളിലേക്കും നീര കയറ്റി അയയ്ക്കാൻ കഴിയൂ. പക്ഷേ, പുതിയ ലൈസൻസുകളും നിലവിലുള്ള നിക്ഷേപകർക്ക് സബ്സിഡിയും നീര ടെക്നീഷ്യൻമാർക്ക് പരിശീലനവും നൽകാതെ ഈ ലക്ഷ്യത്തിലെത്താൻ കഴിയില്ല. അതിനു ബജറ്റിൽ വകയിരുത്തിയ തുകയുടെ കാര്യത്തിലാണ് ഇപ്പോൾ ഉത്തരവിറങ്ങിയിരിക്കുന്നത്.

കേരളത്തിൽ ഭൂവിസ്തൃതിയിൽ ഏറ്റവും കൂടുതൽ തെങ്ങുകൃഷിയുള്ള കോഴിക്കോട് ജില്ലയിലാണ് നീര ഉൽപാദക കമ്പനികളും കൂടുതൽ - ഏഴെണ്ണം. ഏറ്റവും കൂടുതൽ നാളികേര ഉൽപാദനമുള്ള മലപ്പുറം ജില്ലയിലാകട്ടെ 3 കമ്പനികൾ. നാളികേര ഉൽപാദനത്തിൽ കോയമ്പത്തൂരാണ് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത്. അതനുസരിച്ചു നീര ഉൽപാദനവും അവിടെ ആരംഭിച്ചാൽ കേരളം തുടങ്ങിവച്ച നീരവിപ്ളവത്തിൽ തമിഴ്നാട് കൊടിപാറിക്കും.




